"ഭരണ ഭാഷ - മാതൃഭാഷ"

നം.എച്ച്2/91055/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.തീയതി, 12.01.2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം – സംരക്ഷിത ജീവനക്കാരെ മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കുന്നത് സംബന്ധിച്ച്.

സൂചന :-

1) റിട്ട് പെറ്റീഷൻ നമ്പർ 27337/16 ൽ 28.09.2016 നുണ്ടായ ഇടക്കാല വിധിന്യായം
2) 27.09.2016 ലെ സർക്കാർ കത്ത് നമ്പർ.70241/ജെ2/2015/പൊ.വി.വ.
3) ഈ ഓഫീസിൽ നിന്നുള്ള 28.09.2016 ലെ ഇതേ നമ്പർ പുറത്തെഴുത്ത് കത്ത്.
4) 29.01.2016 ലെ സ.ഉ(പി) നമ്പർ.29/16/പൊ.വി.വ.
5) കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 05.11.2016 ലെ കത്ത് നമ്പർ ബി1/9067/2015.

********

2016-17 വർഷം മാതൃവിദ്യാലയങ്ങളിലുണ്ടാകാനിടയുള്ള/ഉണ്ടായ അധിക തസ്തികകൾ ഉൾപ്പെടെയുള്ള ഒഴിവുകളിലേക്ക് അധ്യാപക പാക്കേജ് വഴി നിയമിതരായ സി.ആർ.സി കോ-ഓർഡിനേറ്റർമാരെ (റിട്രഞ്ച്ഡ് അധ്യാപകർ) തിരികെ വിളിക്കാമോ എന്ന വിഷയത്തിൽ സൂചന (5) പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ സ്പഷ്ടീകരണത്തിന് അപേക്ഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരെ താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

1. 2015-16 ലെ സംരക്ഷിത ജീവനക്കാർക്ക് അവരുടെ മാതൃ വിദ്യാലയത്തിൽ 2016-17 വർഷം തസ്തിക ലഭ്യമാകുമെങ്കിൽ പ്രസ്തുത തസ്തികയിൽ അവരെ നിലനിർത്തണമെന്നായിരുന്നു സൂചന (1) ലെ ഇടക്കാല വിധിയിലൂടെ ബഹു.ഹൈക്കോടതി കല്പിച്ചത്. അധ്യാപക പാക്കേജ് വഴി നിയമിക്കപ്പെട്ട സി.ആർ.സി കോ- ഓർഡിനേറ്റർമാരും പരാമർശം (4) ലെ ഉത്തരവ് വഴി സംരക്ഷിതാദ്ധ്യാപകരുടെ ഗണത്തിൽ ഉൾപ്പെട്ടതിനാൽ അവരുടെ മാതൃ വിദ്യാലയത്തിൽ 2016-17 വർഷം തസ്തിക ലഭ്യമാകുന്നുവെങ്കിൽ അവരെയും മാതൃവിദ്യാലയത്തിലേക്ക് പുനർ നിയമിക്കേണ്ടതാണ്. മാതൃവിദ്യാലയത്തിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് സംരക്ഷിത ജീവനക്കാരെ തിരികെ അയക്കുന്നതിന് ഡയറക്ടറേറ്റിൽ നിന്നുള്ള അനുമതിക്കായി കാത്തിരിക്കേണ്ടതില്ല. അവരെ തിരിച്ചയച്ച് വിവരം ഡയറക്ടറേറ്റിൽ അറിയിച്ചാൽ മതിയാകും. അധ്യാപക പാക്കേജിലൂടെ നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ സംരക്ഷിതാദ്ധ്യാപകരുടെ ഗണത്തിൽ ഉൾപ്പെട്ടവരായതിനാൽ അവർ മാതൃവിദ്യാലയത്തിൽ തസ്തിക ലഭ്യമായി പുനഃപ്രവേശിക്കപ്പെടുമ്പോൾ

(മറുപുറം)

മാനേജരുടെ നിയമന ഉത്തരവോ തുടർന്നുള്ള നിയമനാംഗീകാരമോ നിഷ്കർഷിക്കേണ്ട തില്ല എന്ന വിവരവും അറിയിക്കുന്നു.

2. സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസത്തിന്റെ ഭാഗമായി അവരെ ഇതര ജില്ലകളിലെ ഒഴിവുകളിലേക്കും നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ഇതര ജില്ലകളിൽ പുനർവിന്യസിക്കപ്പെട്ട സംരക്ഷിത ജീവനക്കാരെ ഉൾക്കൊള്ളിക്കാൻ മാതൃജില്ലയിൽ ഒഴിവ് ലഭ്യമാകുന്നുവെങ്കിൽ അവരെ ഇതര ജില്ലയിലെ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ തിരികെ വിളിച്ച് പ്രസ്തുത ഒഴിവിൽ നിലനിർത്തുന്നതിനും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് അധികാരം നൽകുന്നു. ഇപ്രകാരം ചെയ്യുമ്പോൾ സീനിയോറിറ്റിക്കു തന്നെ പ്രഥമ പരിഗണന നൽകാൻ ശ്രദ്ധിക്കണം. സംരക്ഷിത ജീവനക്കാരെ പുനർ വിന്യസിക്കാൻ നിർദേശിച്ചിട്ടുള്ള ഒഴിവുകൾ ലഭ്യമാകുമെങ്കിൽ മാത്രമേ ഇവരെ തിരിച്ചു വിളിക്കാവൂ എന്ന കാര്യത്തിലും പ്രത്യേകം കരുതൽ വേണം. ഇപ്രകാരം തിരിച്ചു വിളിക്കപ്പെടുന്നവരുടെ വിവരങ്ങളും യഥാസമയം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് നാന്ദി കുറിക്കുന്ന സാഹചര്യത്തിൽ പരമാവധി സംരക്ഷിതാധ്യാപകരെ അവരുടെ മാതൃജില്ലയിൽ തന്നെ നിലനിർത്താനായി ടി. നിർദേശം ഫലപ്രദമായി ഉപയോഗിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

കെ.വി.മോഹൻകുമാർ ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :- 1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

കെ.ആർ/-